# സ്ത്രീകളുടെ ആത്മീയത എന്താണ്, എങ്ങനെയാണ്?

ഡോ. ജയശ്രീ എ.കെ.

**ആത്മീയതയുമായി ബന്ധപ്പെട്ട ചർച്ചകളിൽ സ്ത്രീകളുടെ സാന്നിധ്യം എല്ലാ കാലത്തും നാമമാത്രമായിരുന്നു. സ്ത്രീകളുടെ ആത്മീയത എന്ന വിഷയവും സംവാദതലത്തിൽപ്പോലും ഒരുകാലത്തും പ്രാമുഖ്യം നേടിയിട്ടില്ല. പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞയായിരുന്ന ഉഷ സഖറിയാസിന്റെ അനുസ്മരണച്ചടങ്ങിൽ 'സ്ത്രീവാദവും ആത്മീയതയും സംവദിക്കുമ്പോൾ' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിന്റെ ലിഖിതരൂപം.**

ആത്മീയത സ്ത്രീകളെ പരിഗണിച്ചില്ലെന്നും സ്ത്രീവാദം ആത്മീയത ശ്രദ്ധിച്ചില്ലെന്നും നമ്മൾ/സ്ത്രീകൾ പരസ്പരം പറയുമ്പോൾ, പുതിയൊരു സംവേദനലോകം തുറക്കപ്പെടുകയാണ്. ഒരു പുതിയ പ്രശ്നപരിസരവും പങ്കുവെക്കപ്പെടുന്നു. അത് ഇതുവരെയുള്ള ആത്മീയതയ്ക്കും സ്ത്രീവാദത്തിനും നേർക്കുള്ള ചോദ്യമാണ്. ദൈനംദിന ജീവിതത്തിൽ സ്ത്രീകൾ ഇടം കണ്ടെത്തുന്നത് സാമൂഹികമായ എല്ലാ വ്യവഹാരങ്ങളുമായി പൊരുത്തപ്പെടുകയോ കലഹിക്കുകയോ ചെയ്തുകൊണ്ടാണ്. ഇതിൽ ആത്മീയതയും പെടുന്നു. ആധുനികതയ്ക്കുശേഷവും സ്ത്രീവാദത്തിനുശേഷവും എല്ലാ മേഖലയിലും ബിംബകല്പനകൾ മാറിവന്നിട്ടുണ്ട്. ജീവിതശൈലിയിലും എഴുത്തിലും കലയിലുമെല്ലാമെന്നപോലെ ഇത് ആത്മീയതയിലും പ്രതിഫലിക്കുന്നു. പരമ്പരാഗതമായ ആത്മീയതയിലെ അധികാരക്രമങ്ങളെ ഇന്ന് നമുക്ക് കാണാതിരിക്കാൻ കഴിയില്ല. എന്നാൽ, ആത്മീയത അതിന്റെ വൈവിധ്യമാർന്ന പ്രകാശനങ്ങളിലൂടെ ജീവിതത്തെ അർഥപൂർണവും ആസ്വാദ്യവുമാക്കുന്നു എന്നതും യാഥാർഥ്യമാണ്. അതിലെ പല അടരുകളും സ്ത്രീകളുടെ ജീവിതത്തെയും സമ്പുഷ്ടമാക്കുന്നു. നമുക്ക് അഭിമുഖമായി വരുന്ന ഓരോ സന്ദർഭത്തിലും സ്വയം പുനരാവിഷ്കരിക്കാൻ പ്രാപ്തിനൽകുന്ന സർഗാത്മകതയായി ആത്മീയതയെ മനസ്സിലാക്കാം. എല്ലാ ആചാരങ്ങളിൽനിന്നും പഴമയിൽനിന്നും വിട്ടുനിന്ന് മാത്രമാണത് സാധ്യമാവുന്നത്. അങ്ങനെ ഇണങ്ങുന്ന ആത്മീയത സ്ത്രീമോചനത്തിന് അന്യമാവുകയില്ല.

ആത്മീയത എന്ത് എന്നതാണ് ഇവിടെ ഉയരുന്ന മുഖ്യമായ ഒരു ചോദ്യം. അത് പലതരത്തിൽ ചോദിച്ചുകൊണ്ടിരിക്കുക എന്നതുമാത്രമാണ് സാധ്യമാവുക എന്ന് തോന്നുന്നു. സാധാരണ, മതങ്ങളുമായി ബന്ധപ്പെടുത്തിയാണ് അത് വ്യവഹരിക്കപ്പെടുന്നത്. പരമ്പരാഗത സമൂഹങ്ങളിൽ ജീവിതത്തിന്റെ മിക്കവാറും എല്ലാ വശങ്ങളെയും നിയന്ത്രിച്ചിരുന്ന വചനങ്ങളെയും ആത്യന്തികസത്യം രേഖപ്പെടുത്തിയ വിശുദ്ധഗ്രന്ഥങ്ങളെയും അവ ജീവിതത്തിലേക്ക് പകർത്തിയ ആചാരാനുഷ്ഠാനങ്ങളെയും ആത്മീയതയായി കാണുന്നുണ്ട്. ഇതൊരുപക്ഷേ, പിൽക്കാലത്തുള്ള നമ്മുടെ കാഴ്ചയാണ്. അന്ന്, നീതിയും നിയമവും ആചാരങ്ങളും അവയെ പിന്തുടർന്നു. അക്കാലത്തുള്ള സാഹിത്യത്തിനും കലയ്ക്കും പോലും ആത്യന്തികസത്യവാക്യങ്ങളിൽനിന്ന് വളരെയേറെ വ്യതിചലിക്കാൻ കഴിയുമായിരുന്നില്ല. ഋഷിയും കവിയും ഒന്നുതന്നെയായിരുന്നു. സാമൂഹികജീവിതത്തെ അധികാരത്തിന്റെ അടുക്കോടെ ചിട്ടപ്പെടുത്തുന്നതിൽ ഇവയ്ക്കുണ്ടായിരുന്ന പങ്ക് ഊഹിക്കാൻകഴിയും. ഇത് മതങ്ങളായി രൂപപ്പെടുമ്പോൾ കൂടുതൽ സുഘടിതമായിരിക്കുകയും ചെയ്യും.


വൈജാത്യങ്ങളിലൂടെയും വൈരുധ്യങ്ങളിലൂടെയുമാണ് ആത്മീയത നിലനിന്നതെന്നും കാണാൻകഴിയും. സമർപ്പണത്തിനും പ്രാർഥനയ്ക്കും പ്രാധാന്യമുള്ള ഭക്തിപ്രസ്ഥാനവും തർക്കത്തിനും ബൗദ്ധികതയ്ക്കും പ്രാമുഖ്യമുള്ള വേദാന്തവും ബൗദ്ധദർശനവും യോഗശാസ്ത്രവും സാംഖ്യവും സൂഫിസവും ഇസ്‌ലാമിക ദർശനവും ക്രിസ്തീയ ദൈവശാസ്ത്രവുമെല്ലാം ആത്മീയതയിൽ പെടുത്തിയിരിക്കുന്നു. ഇവയിലെല്ലാംതന്നെ ആശയപരമായും പ്രയോഗത്തിലും പരസ്പരസ്വാധീനങ്ങൾ കാണാം. ചരിത്രപരമായി നോക്കിയാൽ ഓരോരോ കാലഘട്ടങ്ങളിലും ഓരോ വിഭാഗങ്ങൾ നേടുന്ന ആധിപത്യവുമായി ബന്ധപ്പെട്ടാണിവ രൂപപ്പെടുന്നതെന്ന് അറിയാൻ കഴിയും. ദൈവങ്ങൾ, വിഗ്രഹാരാധന, പ്രകൃത്യാരാധന എന്നിവയും ഇതെല്ലാമായി ചേർന്നുകിടക്കുന്നു. കൂട്ടായ ജീവിതം സങ്കീർണമാകുന്നതിനനുസരിച്ച് ഇത് ശ്രേണീബദ്ധമായും പുരുഷകേന്ദ്രിതമായും മാറുന്നു എന്ന് സാമൂഹികവിശകലനത്തിലൂടെ കാണാൻകഴിയും. വചനങ്ങളുടെയും ഗ്രന്ഥങ്ങളുടെയും ആധികാരികത നിലനിൽക്കെത്തന്നെ എല്ലാ ആത്മീയഗുരുക്കന്മാരും അതിൽ വരുത്തുന്ന ചെറിയ ചുവടുമാറ്റങ്ങളാണ് സാമൂഹികമാറ്റത്തിന് ത്വരകമാവുന്നത്. അതല്ലെങ്കിൽ മാറ്റത്തിന്റെ സ്പന്ദനം തിരിച്ചറിഞ്ഞ ▸



ഫോട്ടോ കമൽറാം സജീവ്

അവർ ചിന്തയിലും വചനങ്ങളിലും പുതിയ മുളകൾ വിരിയിക്കുന്നു എന്നു പറയാം. കബീറും രാമാനുജനും അക്കമഹാദേവിയും ശ്രീരാമകൃഷ്ണനും നാരായണ ഗുരുവുമെല്ലാം ഇത് സൂചിപ്പിക്കുന്നു. മിസ്റ്റിസിസത്തിൻെറ രഹസ്യാത്മകത ഇതിന് നല്ലൊരിടം നൽകുന്നുണ്ട്.

പ്രപഞ്ചത്തെ കേന്ദ്രമാക്കിയിരുന്ന ലോകവീക്ഷണം, മനുഷ്യന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു മാറ്റത്തിന് വഴിതുറന്നശേഷം അതുവരെയുണ്ടായിരുന്ന ആത്മീയസങ്കല്പങ്ങളും മാറിമറിഞ്ഞു. അതുവരെ പ്രപഞ്ചത്തെ സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാനുള്ള ബാധ്യത ആത്മീയത ഏറ്റെടുത്തിരുന്നുവെങ്കിൽ, ആധുനികശാസ്ത്രം വികസിച്ചതോടെ ലോകത്തെ മനസ്സിലാക്കാൻ പുതുരീതികളുണ്ടായി. അതിൻെറ ചുവടുപിടിച്ച് സാമൂഹികശാസ്ത്രവും വളരാൻതുടങ്ങിയതോടെ ആത്മീയതയുടെ സ്ഥലവും ധർമവും വ്യത്യാസപ്പെട്ടു. ഭരണകൂടവും മതവും തമ്മിലുള്ള ബന്ധവും വിച്ഛേദവും പുതിയ മാനങ്ങൾ കൈവരിച്ചു. ഇത് ഇന്ത്യയിലല്ല, ഉടലെടുത്തതെങ്കിലും കൊളോണിയൽ കാലത്ത് ഇന്ത്യയിലും വ്യാപരിച്ചു. ആധുനികത പാരമ്പര്യത്തിൽനിന്ന് വേറിട്ട് വിദ്യാഭ്യാസത്തിൻെറ കാതലായി മാറുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൻെറയും മറ്റു മുന്നേറ്റങ്ങളുടെയും ഭാഗമായി തദ്ദേശീയമായ ആത്മീയതയ്ക്ക് പുതിയ ഉണർവും ഭാവപരിണാമവുമുണ്ടായി. സാമൂഹികമായി, തന്മകൾ രൂപപ്പെടുത്തുന്നതിലും പല വിഭാഗങ്ങളുടെയും മോചനത്തിലും കൊളോണിയൽ അധീശതയ്ക്കെതിരെയുള്ള ചെറുത്തുനില്പിലും ആത്മീയതയും അതിൻെറ ആചാര്യരും പങ്കാളികളായി. എങ്കിലും പുതിയ സമൂഹരൂപവത്കരണത്തിന് മറ്റു സ്ഥലങ്ങളിൽ രൂപപ്പെട്ട ജ്ഞാനോദയ മാനവികതയാണ് മാതൃകയായത്. അവയോടൊപ്പം തന്നെയാണ് സ്ത്രീസ്വാതന്ത്ര്യത്തിനായുള്ള മുന്നേറ്റങ്ങളുമുണ്ടായത്. ആത്മീയജീവിതത്തെക്കാൾ ആധുനികവിദ്യാഭ്യാസത്തിൽ പങ്കാളികളാകാനും ജനാധിപത്യഭരണത്തിനനുസൃതമായ പുതിയ സ്ഥാപനങ്ങളിൽ പണിയെടു


ഫോട്ടോ ഫാബ്രിക് കാഫിനി/എ.എഫ്.പി.

ക്കാനുമാണ് സ്ത്രീകൾ ശ്രമിച്ചത്. ആത്മീയതയിൽനിന്ന് സ്ത്രീകൾ പൂർണമായി വിട്ടുനിന്നു എന്ന് ഇതിനർഥമില്ല.

സ്ത്രീകളെ കാര്യമായി പരിഗണിക്കാതിരുന്ന സന്ന്യാസത്തിനായിരുന്നു, ആത്മീയതയിൽ മുന്തിയ സ്ഥാനമുണ്ടായിരുന്നത് ശ്രദ്ധിക്കേണ്ട വിഷയമാണ്. അതിനകത്ത് നിന്നുകൊണ്ടുള്ള സ്ത്രീകളുടെതായ പുതുക്കിയെഴുത്തുകൾ അധികം കേരളത്തിൽ കാണുന്നില്ല. സമുദായപരിഷ്കരണത്തിലേർപ്പെട്ട നാരായണഗുരു സന്ന്യാസിയായിരിക്കെത്തന്നെ സ്ത്രീകളോട് പുതിയ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കാനാണ് ആഹ്വാനംചെയ്തത് (പെൺകുട്ടികൾക്ക് പഠിക്കാനായി താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന് നാരായണഗുരു തന്നോട് പറഞ്ഞതായി കൊല്ലത്ത് സദനം നടത്തിയ പരേതയായ നാരായണി പറഞ്ഞത് ഓർക്കുന്നു). അദ്ദേഹം സ്ഥാപിച്ച ചില മഠങ്ങളിൽ വിദ്യാദേവതയായ സരസ്വതിയെയാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. സാമ്പ്രദായികമായ പൂജാവിധികളെക്കാളുപരി അറിവ് നേടുക എന്നതിനാണ് നാരായണഗുരു പ്രാധാന്യം കൊടുത്തത്. കേരളത്തിലുണ്ടായ സ്ത്രീ മുന്നേറ്റങ്ങളും ജ്ഞാനോദയത്തിന്റെയോ മാർക്സിസംപോലെയുള്ള ആധുനികസിദ്ധാന്തത്തിന്റെയോ ചുവടുപിടിച്ചു. ഇതെല്ലാം പാശ്ചാത്യമാതൃകകളിൽ വികസിച്ചുവന്നതാണ്. ആത്മീയമണ്ഡലത്തെ ബോധപൂർവമല്ലാതെ വിട്ടുകളഞ്ഞതാണോ അതിനുള്ളിൽ നിന്നുകൊണ്ടുള്ള പുനരാവിഷ്കാരം അനാവശ്യമാണെന്നു കണ്ട് മാറ്റിവെച്ചതാണോ എന്നത് പഠിക്കേണ്ട വിഷയമാണ്. ആത്മീയതയിൽ ബോധപൂർവമായ പുനരെഴുത്ത് നടക്കാത്തതുകൊണ്ടുതന്നെ ഈ മേഖലയിൽ വ്യാപരിക്കുന്ന സ്ത്രീകൾ അതിലെ ആൺകോയ്മയെയും കാഴ്ചയെയും അപ്പാടെ സ്വീകരിക്കുകയാണ്. ഉദാഹരണത്തിന്, ആർത്തവകാലം അശുദ്ധമാണെന്ന ധാരണയെ സ്ത്രീഗുരുക്കന്മാർതന്നെ ഉറപ്പിച്ചെടുക്കുന്നു. സാധാരണ സ്ത്രീകൾ പഴയതിനെ അപേക്ഷിച്ച്, ഈസമയത്ത് സ്വന്തം വീടുകളിലൊക്കെ കൂടുതലായി പെരുമാറാനുള്ള സ്വാതന്ത്ര്യം ഉണ്ടാക്കിയെടുക്കുന്നുണ്ടെങ്കിലും അവർക്ക് ക്ഷേത്രങ്ങളിൽ കയറാൻ കഴിയുന്നില്ല. വ്രതമോ ഉത്സവങ്ങളോ ഒക്കെ നടക്കുമ്പോൾ മറ്റുള്ളവരെ ഋതുമതികളായ സ്ത്രീകൾ തൊടാൻപാടില്ലെന്നതൊക്കെ ഇപ്പോഴും ആചരിച്ചുപോരുന്നുണ്ടെന്നത് അതിശയത്തോടെ നമുക്ക് കാണാൻകഴിയും. ആത്മാവിനെക്കാൾ ശരീരം താഴ്ന്നതാണെന്നും സ്ത്രീശരീരം അതിലും താഴ്ന്നതാണെന്നും ഋതുമതിയായ സ്ത്രീ അങ്ങേയറ്റം വൃത്തിഹീനമാണെന്നുമുള്ളതരത്തിലാണ് അടുക്കിയിരിക്കുന്നത്. എന്നാൽ, തികച്ചും അനുഭൂതിദായകമായ അവസ്ഥാവിശേഷമായും ആർത്തവകാലത്തെ അനുഭവിക്കാൻ കഴിയും. ശുദ്ധമായ ആത്മാവ് ശരീരത്തിനതീതമായി നിലകൊള്ളുന്നതാണെന്ന പാരമ്പര്യചിന്തയിൽനിന്ന് വിടുതൽ നേടിയാൽ സ്ത്രീക്ക് അതിശയിപ്പിക്കുന്ന ഒരു അനുഭവമായി അത് മാറ്റാൻ കഴിഞ്ഞുകൂടെന്നില്ല. അങ്ങനെ ശരീരം ആഘോഷമാവുമ്പോൾ അതിനെ ആത്മീയത എന്നാണോ പറയുക എന്നറിയില്ല. അതും ചോദ്യമായി വരുന്നു. എന്തായാലും, ശരീരത്തിന്റെ ജൈവികത ആസ്വദിക്കാനുള്ള ഒരവസരമായി ആർത്തവത്തെ കാണാവുന്നതാണ്. ഗർഭധാരണവും പ്രസവവും മറ്റും ഇങ്ങനെ കാണാം. ശരീരത്തിന്റെ സ്വയംവെളിവായ ആഘോഷമാണവ. ഇത് ഉർവരതയെ ആരാധിച്ചിരുന്ന ഒരു ആത്മീയപാരമ്പര്യത്തിന്റെ വീണ്ടെടുക്കലാകാം. സ്ത്രീകൾ ബോധത്തോടെ അനുഭവിക്കുമ്പോൾ മാത്രമാണ് അതങ്ങനെയാകുന്നത്. ആദ്യത്തെ ആർത്തവം ആഘോഷമാക്കി മാറ്റുന്ന ചടങ്ങുകൾ ഇന്നും ചില സമൂഹങ്ങളിൽ നിലനിൽക്കുന്നുണ്ട്. പെൺകുട്ടി വിവാഹപ്രായമായി എന്ന് മറ്റുള്ളവരെ അറിയിക്കാനായി നടത്തുന്ന പുരുഷമേധാവിത്വസമൂഹത്തിലെ ഗതികേടായ അത്തരം ആഘോഷമല്ല, സ്ത്രീ സ്വത്വം തിരഞ്ഞ് നേടുന്ന അനുഭൂതിയായിഅറിയുന്നതാണിവിടെ ഉദ്ദേശിച്ചത്.

**സ്ത്രീകളെ കാര്യമായി പരിഗണിക്കാതിരുന്ന സന്ന്യാസത്തിനായിരുന്നു, ആത്മീയതയിൽ മുന്തിയ സ്ഥാനമുണ്ടായിരുന്നതെന്ന് ഇവിടെ ശ്രദ്ധിക്കേണ്ടതാണെന്ന് തോന്നുന്നു. അതിനകത്ത് നിന്നുകൊണ്ടുള്ള സ്ത്രീകളുടെതായ പുതുക്കിയെഴുത്തുകൾ അധികം കേരളത്തിൽ കാണുന്നില്ല.**

ഇവിടെ വീണ്ടും എന്താണ് ആത്മീയത എന്ന പ്രശ്നം ഉദിക്കുന്നു. ആത്മീയതയിൽ കടന്നുവരുന്ന ദൈവമെന്താണ്, പ്രകൃതിയിലെ പ്രതിഭാസങ്ങൾതന്നെ ആത്മീയതയ്ക്ക് നിമിത്തമായി ഭവിക്കുന്നുണ്ടോ, ആത്മാവുണ്ടോ, ഉണ്ടെങ്കിൽ അറിയുന്നതെങ്ങനെ, ശരീരം, ആത്മാവ് എന്നിങ്ങനെ തിരിച്ചശേഷം ആത്മാവിന് ഉയർന്ന സ്ഥാനം നൽകുന്ന ആത്മീയതയെ ശാസ്ത്രാനന്തര സമൂഹത്തിൽ എങ്ങനെയാണ് വിലയിരുത്തുക എന്നിങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ ചോദിക്കാം. നേരത്തേ സൂചിപ്പിച്ചതുപോലെ ആത്മീയമായ അനുശീലനപാരമ്പര്യത്തിൽ ഒരാൾ നിലകൊള്ളുമ്പോൾതന്നെ അതിൽ പുതുതായെഴുതുന്ന ചുനുപ്പുകളാണ് ഒരാളെ ശ്രദ്ധേയ/നാക്കുന്നത്. നാരായണഗുരു വേദാന്തത്തിൽ നിലയുറപ്പിച്ചയാളായിരുന്നു. എന്നാൽ, വേദാന്തത്തിൽനിന്നും ഗീതയിൽനിന്നും അധികമായി ചില സങ്കല്പനങ്ങൾ കാലോചിതമായി ഗുരു അവതരിപ്പിക്കുന്നുണ്ട്. ഉപനിഷത്തുകളിൽ പ്രധാനമായും ഗുരുവും ശിഷ്യനും തമ്മിലും മനുഷ്യരും ദേവന്മാരും തമ്മിലും പ്രപഞ്ചപ്രതിഭാസങ്ങളും മനുഷ്യരും തമ്മിലുമുള്ള ബന്ധവും മനുഷ്യധർമവുമാണ് പ്രതിപാദ്യവിഷയമാകുന്നത്. സ്വധർമമായ കർമത്തിൽ നിർമമത്വത്തോടെ ഏർപ്പെടാൻ ഈശ്വരനായ കൃഷ്ണൻ ഭക്തന് കൊടുക്കുന്ന നിർദേശമാണ് ഗീതയുടെ സാരം. ജീവിതം തുഴഞ്ഞുപോകാനുള്ള വൈദഗ്ധ്യമാണ് നിർദേശാത്മകമായ ഈ കൃതിയിലുള്ളത്. ഇത് ആത്മീയമായി കരുതപ്പെട്ടിട്ടുള്ള കൃതിയാണ്. മോക്ഷമാണ് ലക്ഷ്യമെന്ന് പറയുന്നെങ്കിലും, ഈ ലോകത്തിലെ ജീവിതത്തെ ഏറ്റവും ആസ്വാദ്യകരമാക്കുകയാണ് യഥാർഥത്തിൽ സാധ്യമാകുന്നതെന്ന് ആ മാർഗത്തിൽ ചരിച്ചിട്ടുള്ള ഒരാൾക്ക് അറിയാൻകഴിയും. ആത്മോപദേശശതകവുംനിർദേശാത്മകമായി എഴുതപ്പെട്ടിട്ടുള്ളതാണ്. ഗീതയിൽ ഭക്തനും ഭഗവാനും തമ്മിലുള്ള ബന്ധം മാത്ര

മാണുള്ളത്. എന്നിൽ മനസ്സർപ്പിച്ച് കർമംചെയ്യാനാണ് കൃഷ്ണൻ ഭക്തനോട് പറയുന്നത്. രണ്ടും തമ്മിലുള്ള സാമ്യമെന്തെന്നാൽ, രണ്ടിലും സ്വാത്മാവിനെക്കാൾ ഉയർന്ന തലത്തിൽ ദൈവത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു എന്നതാണ്. ഗീതയിൽ ഇത് ആൾരൂപവും (കൃഷ്ണൻ) ആത്മോപദേശശതകത്തിൽ ഇത് രൂപമില്ലാത്ത ബ്രഹ്മവുമാണെന്ന് മാത്രം. വ്യത്യാസം എന്തെന്നാൽ, ആത്മോപദേശശതകം ആധുനികകാലത്തെ കൃതിയായതിനാലാകാം അതിൽ സാമൂഹികബന്ധത്തിന് ഇടം നൽകിയിട്ടുണ്ടെന്നതാണ്. അവനവൻ, അപരൻ, അവർ തമ്മിലുള്ള ബന്ധം എന്നിവയിലൂടെ ഇത് പ്രതിപാദിക്കപ്പെടുന്നു. ഇതുതന്നെ പലപ്പോഴും അപരന് പ്രാധാന്യം കൂടുതൽ നൽകിക്കൊണ്ടാണ്. ഇത് ഗീതയിൽ പറയുന്ന ധർമത്തിനു പകരമായി പുതിയൊരു ധാർമികത മുന്നോട്ടുവെക്കുന്നു. മറ്റ് ഉപനിഷത്തുകളിൽ നിന്നു വ്യത്യസ്തമായി ഇതിന് സമാനമായ ആശയശകലമുള്ള ഈശാവാസ്യോപനിഷത്തിനോട് നാരായണഗുരുവിനുണ്ടായിരുന്ന ആഭിമുഖ്യം ഗുരു അത് മലയാളത്തിൽ പരിഭാഷപ്പെടുത്തി എന്നത് സൂചിപ്പിക്കുന്നുമുണ്ട്. എന്നെപ്പോലെ മറ്റുള്ളവരെയും കാണേണ്ടതുണ്ടെന്ന ആധുനികമൂല്യമാണ് ആത്മോപദേശശതകം പ്രകാശിപ്പിക്കുന്നത്.

*"അവനിവനെന്നറിയുന്നതൊക്കെയോർത്താ*
*ലവനിയിലാദിമമായൊരാത്മരൂപം*
*അവനവനാത്മസുഖത്തിനാചരിക്കു*
*ന്നവയപരന്റെ സുഖത്തിനായ് വരേണം"*

എന്ന ശ്ലോകം ഇതിനുദാഹരണമാണ്. ഇതിലെ ശ്ലോകങ്ങളിൽ മിക്കതും നമുക്കതീതമായ സത്യത്തെ ബ്രഹ്മരൂപത്തിൽ ഒരു റഫറൻസായി വെക്കുകയും എങ്ങനെ അതറിയാനായി നിരന്തരം ശ്രമിക്കണമെന്ന് വിശദീകരിക്കുന്നതുമാണ്. അതേസമയം തന്നെ ഈ ലോകത്തെ നിരാകരിക്കേണ്ടതില്ലെന്നും ഇതല്ലാതെ വേറെ സത്തയില്ലെന്നും പറയുന്നുണ്ട്.

*"ഉലകിനു വേറൊരു സത്തയില്ലതുണ്ടെ-*
*ന്നുലകരുരപ്പത് സർവമൂഹഹീനം"*

എന്ന് പറയുമ്പോൾ ആദ്യം പറയുന്ന ബ്രഹ്മം ആലങ്കാരികം മാത്രമാണോ എന്നും തോന്നിപ്പോകും.

*"ഉലകവുമുള്ളതുമായ് കലർന്നു നിൽക്കും*
*നില വലുതായൊരു നീതികേടിതത്രേ"*

എന്ന വരികളിലൂടെ "അതു (ബ്രഹ്മം)ണ്ട്" എന്ന ഉറച്ച വിശ്വാസത്തെ സന്ദേഹഭരിതമാക്കുകയും ചെയ്യുന്നു.

ഇതിൽ നിന്നും പറയാനുദ്ദേശിച്ചതിതാണ്. പരമ്പരാഗതാനുശീലനത്തിലേർപ്പെട്ടുകൊണ്ട് തന്നെ കാലാനുസൃതമായി വചനങ്ങളെ പുനരാവിഷ്ക്കരിക്കാൻ കഴിയും. നാരായണഗുരു, തന്റെ കാലത്തിനു യോജിച്ച തരത്തിൽ അപരനോട് പുലർത്തേണ്ട നീതിയെപ്പറ്റി വേദാന്തത്തിന്റെ പരിസരത്തിൽ നിന്നു തന്നെ പറയുന്നു. അതേസമയം, ലിംഗനീതിയെപ്പറ്റിയുള്ള ശ്രദ്ധ ഇതിൽ വന്നിട്ടേയില്ലതാനും. ബ്രഹ്മത്തെ പ്രാപിക്കാനുള്ള നിർദേശങ്ങളാണെങ്കിൽപോലും, ഇടക്കിടെ സന്ദേഹങ്ങളിലൂടെയും വിരുദ്ധോക്തികളിലൂടെയും കാവ്യരസവും സൗന്ദര്യവും പകരാൻ ഈ കൃതിക്ക് കഴിയുന്നുണ്ട്. ഇതിൽ പാരമ്പര്യത്തെയാണോ അതിൽ നിന്നുള്ള വിടുതികളെയാണോ ആത്മീയതയായി കണക്കാക്കേണ്ടതെന്നാണ് വേറൊരു ചോദ്യം.

**ആത്മീയതയിൽ ബോധപൂർവമായ പുനരെഴുത്ത് നടക്കാത്തതുകൊണ്ടുതന്നെ ഈ മേഖലയിൽ വ്യാപരിക്കുന്ന സ്ത്രീകൾ അതിലെ ആൺകോയ്മയെയും കാഴ്ചയെയും അപ്പാടെ സ്വീകരിക്കുകയാണ്. ഉദാഹരണത്തിന് ആർത്തവകാലം അശുദ്ധമാണെന്ന ധാരണയെ സ്ത്രീഗുരുക്കന്മാർതന്നെ ഉറപ്പിച്ചെടുക്കുന്നു.**

വേദാന്തത്തിന്റെ ഭാഷയിൽ സ്ത്രീപുരുഷബന്ധത്തെ തുല്യതയോടെ വിവരിക്കുന്ന കൃതികളൊന്നും കാണുന്നില്ല. സാംഖ്യത്തിലെ പുരുഷനോട് ചേർന്ന പ്രകൃതിക്കും വേദാന്തത്തിലെ ബ്രഹ്മത്തോട് ചേർന്നു നിൽക്കുന്ന മായയ്ക്കും സ്ത്രീസ്വഭാവം ആരോപിച്ചിട്ടുണ്ടെങ്കിലും അവർക്ക് അനിവാര്യമായ സ്ഥാനം നൽകിയിട്ടുണ്ടെങ്കിലും അത് ആധുനിക ലോകത്ത് നിന്ന് കാണുന്ന തുല്യതയല്ല. എന്നാൽ, അനന്തമായ വ്യാഖ്യാന സാധ്യതക്ക് ഇടമുണ്ടെന്നു തോന്നുന്നു. നാരായണഗുരു ആധുനികമായ ചില സങ്കല്പനങ്ങൾ പരമ്പരാഗതമായ ജ്ഞാനത്തോട് ചേർത്തതുപോലെ ആധുനിക സ്ത്രീസങ്കല്പം, ഈ ജ്ഞാനസമ്പ്രദായങ്ങളിൽ ചേർക്കപ്പെട്ടിട്ടുണ്ടോ എന്ന് സംശയമുണ്ട്. ഇതൊരുപക്ഷേ, ആത്മീയതയിൽ സ്ത്രീകളെ കുറച്ചകലെ നിർത്തിയിരുന്ന സന്ന്യാസത്തിന് പ്രാമുഖ്യമുണ്ടായതുകൊണ്ടും സാമൂഹിക മുന്നേറ്റങ്ങളിൽ വന്ന സ്ത്രീകൾ ആത്മീയതയേക്കാൾ പ്രാധാന്യം ശാസ്ത്രം, സാഹിത്യം തുടങ്ങിയ മറ്റ് വിജ്ഞാനങ്ങൾക്ക് നൽകിയതുകൊണ്ടുമാകാം.

ആത്മീയമെന്നു പറയപ്പെടുന്ന ഇപ്പോഴത്തെ സ്ഥലങ്ങളിൽ, സ്ത്രീകൾക്ക് അതിന്റെ രസാനുഭൂതി എത്രത്തോളം ആസ്വാദ്യമാകുന്നുണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഏറ്റവും വലിയ ആനന്ദാനുഭവമായാണ് ആത്മീയത നമ്മുടെ പാരമ്പര്യ ചിന്തയിലുള്ളത്. അതിൽ വിഹരിക്കുന്നത് ഒരു സർഗാത്മകപ്രവർത്തനമാണ്. ആചാരങ്ങളും അനുശീലനവും പിന്തുടരുമ്പോൾതന്നെ താന്താങ്ങളുടെ വ്യതിരിക്തമായ ഉണ്മ പ്രകാശിപ്പിക്കുന്നതാണ് ജീവിയെ ജീവിയാക്കുന്നത്. ഇല്ലെങ്കിൽ പിന്നെ അത് വേദാന്തത്തിൽതന്നെ പറയുന്ന ജഡമാണ്. ശരീരം മറ്റുള്ളവരാൽ ചലിപ്പിക്കപ്പെടുന്ന വസ്തു മാത്രമാണ്. മതങ്ങളുടെ അനുശാസനങ്ങളും അനുഷ്ഠാനങ്ങളും ചിലപ്പോൾ അങ്ങനെയുമായി മാറാം. ആറ്റുകാൽ പൊങ്കാലയിലും മറ്റും ആയിരക്കണക്കിന് സ്ത്രീകളുടെ ശരീരങ്ങൾ സന്നിഹിതമാവുകയും തിരിച്ചുപോവുകയും ചെയ്യുമ്പോൾ അവരുടെ ഉണ്മ കൂടുതൽ പ്രകാശമാനമാകുന്നുണ്ടോ എന്ന് അവർ തന്നെ നോക്കണം. സ്ത്രീകളുടേതു മാത്രമായ ഈ ആഘോഷത്തിൽ അവസാനം പുരുഷനായ പൂജാരി വന്ന് പൊങ്കാലയിൽ തീർഥം തളിക്കണമെന്ന് നിർബന്ധം വെക്കുന്നത് വെറും ആചാരമാണ്. അതിനിടയിൽ ഒരു പൊങ്കാലക്കലം ഒളിപ്പിച്ചുവെ

ക്കാനുള്ള കുസൃതി സ്ത്രീകൾക്കു ണ്ടായാൽ അത് ചൈതന്യവത്താകും.

താഴ്ന്ന ജാതിയിലുള്ളവരുടെ ദൈവങ്ങളായ ചുടല, മാടൻ തുടങ്ങിയവയൊക്കെ ഒഴിവാക്കി സവർണ ദൈവങ്ങളെ പ്രതിഷ്ഠിക്കുകയാണ് നാരായണഗുരു ചെയ്തത്. ആരാധനയ്ക്കും ആചാരത്തിനുമുപരി ജ്ഞാനത്തിനു പ്രാധാന്യം നൽകിയതുകൊണ്ടായിരിക്കാമിത്. എന്നാൽ, കറുത്തവർക്കും മറ്റുള്ളവർക്കും പ്രാപ്യയായ കാളിയെ ആത്മീയതയിലെ സ്ത്രീശക്തിയായി കാണുന്നവരുമുണ്ട്. സ്ത്രീകൾ തങ്ങളുടെ സാമൂഹികമായ അധമസ്ഥാനം മറികടക്കാനായി സന്ന്യാസത്തിലേക്ക് ബോധപൂർവമായോ അബോധപ്രേരിതമായോ പോകുന്നതായും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇത് ശരീരത്തിനതീതമായ അനുഭവത്തിലൂടെ സ്ത്രീശരീരത്തിനു കല്പിക്കപ്പെട്ട പതിതത്വത്തിൽ നിന്ന് മോചനം ലഭിക്കുന്ന പ്രതീതിയുണ്ടാക്കുന്നു. മതത്തിന്റെ കടുംപിടുത്തങ്ങളിൽ നിന്നും കുറച്ച് വിട്ടു നിൽക്കാനുള്ള ഇടം ആത്മീയതയ്ക്ക് എപ്പോഴുമുണ്ടായിരുന്നു. ഈ ഇടമാണ് പ്രാചീനകാലങ്ങളിൽ സ്ത്രീകൾ മോചനത്തിനായുപയോഗിച്ചിരുന്നത്. പ്രയാസപ്പെട്ടിട്ടാണെങ്കിലും വിവാഹംപോലെയുള്ള സാമൂഹികമായ കെട്ടുപാടുകളിൽ നിന്നും ചില സ്ത്രീകൾ മോചിതരായി എന്നു കരുതാം. മീരയെയും അക്കമഹാദേവിയെയുമൊക്കെ ഈ ഗണത്തിൽ പെടുത്താം. മിസ്റ്റിക് അനുഭൂതിയും പ്രകൃതിയിലെ പ്രതിഭാസങ്ങളോടുള്ള വിചിത്രമായ താദാത്മ്യവും അവർക്ക് തീർച്ചയായും സ്വാതന്ത്ര്യവും സന്തോഷവും നൽകിയിട്ടുണ്ട്. അതിനു വേണ്ടി സാധാരണമായ സൗകര്യങ്ങൾ അവർ ത്യജിച്ചു. സ്ത്രീകൾക്കുണ്ടാകുന്ന ബാധ, ദൈവങ്ങളുടെയോ പിശാചുക്കളുടെയോ കായപ്രവേശമായി ▶

**വേദാന്ത ഭാഷയിൽ സ്ത്രീപുരുഷബന്ധത്തെ തുല്യതയോടെ വിവരിക്കുന്ന കൃതികളൊന്നും കാണുന്നില്ല. സാംഖ്യത്തിലെ പുരുഷനോട് ചേർന്ന പ്രകൃതിക്കും വേദാന്തത്തിലെ ബ്രഹ്മത്തോട് ചേർന്ന മായയ്ക്കും സ്ത്രീസ്വഭാവം ആരോപിച്ചിട്ടുണ്ടെങ്കിലും അത് ആധുനിക ലോകത്ത് നിന്ന് കാണുന്ന തുല്യതയല്ല.**



ഫോട്ടോ: യൂഹാൻ ഗ്വാൻ/എ.എഫ്.പി



ഫോട്ടോ ജാവിയർ ഗലിയാനോ/എ.പി.

കണ്ടിരുന്നു. ദൈവമാണെന്ന് കണ്ടാൽ ആ സ്ത്രീക്ക് ആരാധ്യദൈവമായി മാറാം. അല്ലാത്ത പക്ഷം ബാധയൊഴിപ്പിക്കലിൻെറ പീഡനങ്ങളേറ്റു വാങ്ങേണ്ടി വരും. രണ്ടായാലും ആത്മീയത ഉപയോഗപ്പെടുത്തി മോചനം നേടാൻ സ്ത്രീകളുടെ അന്തഃചോദന കണ്ടെടുത്ത മാർഗമായിരിക്കുമത്.

വിമോചന ദൈവശാസ്ത്രവും ഫെമിനിസവും ക്രിസ്തീയ ദൈവശാസ്ത്രത്തിലും വ്യാഖ്യാനങ്ങളിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ക്രിസ്തുവിലൂടെ അനുഭവവേദ്യമാകുന്ന സാർവ ലൗകിക വേദനയിൽ സാമൂഹികമായ അനീതിയാൽ പിന്തള്ളപ്പെട്ടവരുടെ വേദനകൾ സവിശേഷമായി എഴുതാനാണ് വിമോചന ദൈവശാസ്ത്രം

**കർതൃത്വബോധത്തോടെ പ്രവൃത്തികളിലേർപ്പെടുകയും അഭിമാനിക്കുകയും ചെയ്യുമ്പോൾ ദൈവം അന്യമാകും. എങ്കിലും സ്വത്വം ശരീരത്തേയും കവിഞ്ഞ് തുളുമ്പുന്നതിനാൽ പകരമൊന്ന് വേണ്ടി വരും. അപ്പോൾ ഭാരം ലഘൂകരിക്കാൻ എളുപ്പ മാർഗം അപരയു/അപരനുമായുള്ള താദാത്മ്യപ്പെടലാണ്.**

തുനിഞ്ഞത്. ആധുനിക ചിന്തയായ മാർക്സിസത്തിൻെറ സ്വാധീനം മൂലമാണിതുണ്ടായത്. ഭൗതികമായ ആവശ്യങ്ങളെ തിരിച്ചറിയാനും അത് ദൈവശാസ്ത്രത്തിൽ ഉൾക്കൊള്ളിക്കാനും കഴിഞ്ഞു എന്നത് സ്ത്രീവാദത്തിനും അതിനുള്ളിൽ ഇടമൊരുക്കി. ആത്മീയ വചനങ്ങളിലും സ്ഥാപനങ്ങളിലുമുള്ള സ്ത്രീകളുടെ അധമസ്ഥാനങ്ങളെ തിരിച്ചറിഞ്ഞ് ഭാഷയിലും അനുശാസനങ്ങളിലും മാറ്റം വരുത്താൻ പല ക്രിസ്തീയ വിഭാഗങ്ങളും ശ്രമിച്ചതായി കാണാം. ഉദാഹരണത്തിന് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് അവരുടെ അന്തഃസത്ത തിരിച്ചറിഞ്ഞു കൊണ്ടുതന്നെ സേവനനിരതരാകാൻ പുതുഭാവുകത്വത്തോടെ രൂപപ്പെട്ട സ്ത്രീകളുടെ സഭയാണ്.

ആധുനികതയ്ക്കും ഫെമിനിസത്തിനും ശേഷം ആത്മീയത പഴയതുപോലെ അനുഭവിക്കാൻ കഴിയില്ല. എന്നാലും, ഇവയ്ക്ക് മുൻപും പിൻപും മനുഷ്യർ പുലർത്തുന്ന സമാനമായ ഉത്കണ്ഠകളുണ്ട്. ഇതിലൊന്ന് ഉണ്മയെ സംബന്ധിച്ചതാണ്. ഞാനെന്നറിയുന്ന ആത്മബോധം ഏതുകാല

ത്തും പ്രസക്തമാണ്. സാമൂഹികമായ എല്ലാ വ്യവഹാരങ്ങളിലും ഏർപ്പെടുമ്പോഴും അഹന്തയായി ഞാൻ സ്വയം അറിയുമ്പോഴും സ്വയം മോചനത്തിനായി അത് ശ്രമിക്കുന്നുണ്ട്. കാരണം, മറ്റ് ജീവികൾക്കില്ലാത്ത ഒരധികപ്പറ്റാണീ ബോധം. അത് കർതൃത്വബോധവും മരണഭയവുമുണ്ടാക്കും. ഇതെല്ലാ കാലത്തും അങ്ങനെ തന്നെ. ബോധത്തിന്റെ തള്ളൽമൂലം, ഒരേ സമയം തങ്ങളുടെ കർമത്തിലേർപ്പെടുകയും എന്നാൽ അതിന്റെ ഫലമായി ഉറഞ്ഞു കൂടുന്ന അഹന്തയുടെ ദുർമേദസ്സ് അലിയിച്ചു കളയുകയും ചെയ്യേണ്ടത് മനുഷ്യർക്ക് ആവശ്യമായി വരുന്നു. ഇതിനുള്ള ഒരു ടെക്നോളജിയാണ് ദൈവം. പഴയ സമൂഹത്തിൽ, ആളുകൾ ദൈവത്തിൽ സ്വയം സമർപ്പിതമായി ഇത് നിർവഹിച്ചു പോന്നു. ഇന്നും ഇത് ധാരാളം ആളുകൾ തുടരുകയും ചെയ്യുന്നുണ്ട്. എന്നാൽ ആധുനിക കാലത്ത് മനുഷ്യകേന്ദ്രിതമായ പ്രവർത്തനങ്ങൾ ശാസ്ത്രത്തിന്റെ വികാസത്തോടെ ഊർജിതമായതിനാൽ കർതൃത്വബോധം നിരന്തരം ആവശ്യമായി വരുന്നുണ്ട്. ലോകത്തിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നതിനാൽ കർതൃത്വം അടിയറ വെക്കാൻ പ്രായോഗികമായി എളുപ്പമല്ലാതെ വരുന്നു. ഭൗതികമായ മാറ്റത്തിനായാലും സാമൂഹികമായ മാറ്റത്തിനായാലും കർതൃത്വബോധം ആവശ്യമാണ്. ഈ പുതിയ അനുഭവവും അതിന്റെ മൂർത്തമായ ഭൗതിക പരിസരവും സ്വയം സമർപ്പണത്തിലൂടെ അഥവാ കർതൃത്വ നിഷേധത്തിലൂടെ സാധ്യമാക്കിയിരുന്ന ആത്മീയസാധനയെ പ്രതിസന്ധിയിലാക്കി. കർതൃത്വബോധത്തോടെ പ്രവൃത്തികളിലേർപ്പെടുകയും ആ കർതൃത്വത്തിൽ അഭിമാനിക്കുകയും ചെയ്യുമ്പോൾ ദൈവം അന്യമാകും. എങ്കിലും സ്വത്വം ശരീരത്തേയും കവിഞ്ഞ് തുളുമ്പുന്നതിനാൽ പകരമൊന്ന് വേണ്ടി വരും. അപ്പോൾ സ്വന്തം ഭാരം ലഘൂകരിക്കാൻ എറ്റവും എളുപ്പമായ മാർഗം അപരയുമായുള്ള/അപരനുമായുള്ള താദാത്മ്യപ്പെടലാണ്. ഇവിടെ സനാതനമായ ഒരു ദൈവത്തിനു പകരം നമ്മോട് ഏറ്റവും അടുത്തു വരുന്ന ഒരു മുഖം തെളിയുന്നു. ഇത് അനന്തമായി, മാറി മാറി വരുന്ന മുഖങ്ങളായി, നീളുന്ന നിരയായി അനുഭവിക്കാം. അങ്ങനെയായാൽ ഒരിക്കലും സ്വയം ചുരുങ്ങി സമ്മർദം അനുഭവിക്കേണ്ടതില്ല. നിരുപാധികമായ അനുതാപം ഏറ്റു വാങ്ങാനും പകരം നൽകാനും സ്വയമായും ചുറ്റും വരുന്നവരും സദാ സന്നദ്ധരാകുമ്പോൾ നേരത്തേ ആത്മീയം എന്ന് വ്യവഹരിച്ചിരുന്ന അതേ അനുഭവം അല്ലെങ്കിൽ അതിന് സമാനമായത് തന്നെയാവാം ഉണ്ടാവുന്നത്. ആത്മീയത അങ്ങനെ അതീന്ദ്രിയാനുഭവ തലത്തിൽ നിന്ന്, ഭൗതിക തലത്തിലെത്തുന്നതു കൊണ്ട്, സ്ത്രീകളുടേതോ മറ്റ് വിഭാഗങ്ങളുടേതോ ആയ പ്രതിസന്ധികളൊക്കെ തന്നെ അഭിസംബോധന ചെയ്യാൻ കഴിയും. ഇടയ്ക്ക്, പ്രതീകാത്മകമായി ദൈവത്തിന്റെ മുഖം കണ്ടാലും കുഴപ്പമില്ല.

**ബോധത്തിന്റെ തള്ളൽമൂലം, ഒരേ സമയം തങ്ങളുടെ കർമത്തിലേർപ്പെടുകയും എന്നാൽ അതിന്റെ ഫലമായി ഉറഞ്ഞു കൂടുന്ന അഹന്തയുടെ ദുർമേദസ്സ് അലിയിച്ചു കളയുകയും ചെയ്യേണ്ടത് മനുഷ്യർക്ക് ആവശ്യമായി വരുന്നു. ഇതിനുള്ള ഒരു ടെക്നോളജിയാണ് ദൈവം.**

ഇത്തരമൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സ്ത്രീവാദാനന്തര, ആധുനികാനന്തര ആത്മീയതയെപ്പറ്റി ചിന്തിക്കാവുന്നതാണ്. ഫെമിനിസത്തിനു ശേഷം ആത്മീയത സഹൃദയത്വമായി പരിണമിച്ചതായും കാണാം. ഈ സന്ദർഭത്തിൽ കമല സുരയ്യയെ ഓർക്കാതെ വയ്യ. മതത്തിന്റെ ആവരണമണിഞ്ഞു കൊണ്ടും അതേ സമയം സർവതന്ത്രസ്വതന്ത്രയായും അവർ വർത്തിച്ചു. ഇസ്ലാം മതത്തിന്റെ സൗന്ദര്യവുംകൂടി അവർ ആവാഹിച്ചു. ഫെമിനിസത്തിനു ശേഷം നമ്മൾ കേരളത്തിൽ കണ്ട ഒരു (നവ)ആത്മീയ സാന്നിദ്ധ്യം കമല സുരയ്യയാണ്. അത് എഴുത്തിന്റെ സൗന്ദര്യമൊന്നുകൊണ്ട് മാത്രമല്ല. അടുത്തെത്തുന്നവരിലേക്ക് അവർ സദാ ഒഴുക്കിയിരുന്ന ജീവോന്മുഖമായ ഒരു പ്രവാഹംകൊണ്ടു കൂടിയാണ്. ശരീരത്തിന്റെ മറ നീക്കി പുറത്തുവരുന്ന സുന്ദരമായ എന്തോ ഒന്ന് അവരുടെ അടുക്കൽ നിന്ന് അനുഭവിക്കാൻ കഴിഞ്ഞിരുന്നു. ഇത് ചില നിമിഷങ്ങളിൽ ഏതു ബന്ധങ്ങളിലും സംഭവിക്കാവുന്നതാണ്. ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള അനന്തമായ പ്രവാഹമായും ആത്മീയത അറിയാം. നിരന്തരമായ അനാഥപ്പെടലിലൂടെ, പ്രതിസന്ധികളിലൂടെ, ആത്മബന്ധങ്ങളിലൂടെ, പുനർ രചിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ആത്മീയത സ്ത്രീവാദവുമായും ജീവിതത്തിന്റെ എല്ലാ വ്യവഹാരങ്ങളുമായും സംവദിക്കുന്നതാണ്. ■

(2014 സപ്തംബർ 30ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടത്തിയ പ്രഭാഷണം)

**ലതാ മങ്കേഷ്കർ**
സംഗീതവും ജീവിതവും
ജമാൽ കൊച്ചങ്ങാടി



₹ 175

*'ഇന്ത്യയിലുള്ളതെല്ലാം ഞങ്ങളുടെ നാട്ടിലുമുണ്ട്; താജ്മഹലും ലതാ മങ്കേഷ്കറും ഒഴികെ.' ശരിയാണ്, ഈ സഹസ്രാബ്ദത്തിന്റെ ശബ്ദമാണ് ലത.*
- അമിതാബ് ബച്ചൻ

ഇന്ത്യയുടെ എക്കാലത്തെയും പ്രിയ ഗായികയായ ലതാ മങ്കേഷ്കറുടെ അനുഭവങ്ങളും അഭിപ്രായങ്ങളും ഇഷ്ടാനിഷ്ടങ്ങളും കിനാവുകളും ഈ പുസ്തകത്തെ സമ്പന്നമാക്കുന്നു.



മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS

കോഴിക്കോട്, പാലക്കാട്, കല്പറ്റ, തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, മലപ്പുറം, ആലപ്പുഴ മാതൃഭൂമി ബുക്സ്റ്റാളുകളിലും തൃശ്ശൂർ, കോട്ടയം, കൊല്ലം മാതൃഭൂമി യൂണിറ്റുകളിലും വടകര, തൊടുപുഴ, പത്തനംതിട്ട ബ്യൂറോകളിലും പുസ്തകം ലഭിക്കും.
ഫോൺ : 0495 2367744
www.mathrubhumibooks.com